**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2628** | **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം നൽകുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | സ്വന്തമായി ഭവനമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി വകുപ്പ് മുഖേന ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് ഭൂരഹിത പുനരധിവാസ പദ്ധതി. ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ധനസഹായം നൽകുന്നു. ഗ്രാമ/മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3.75 ലക്ഷം/4.5 ലക്ഷം/6 ലക്ഷം എന്നീ നിരക്കുകളിൽ ധനസഹായം നൽകുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാക്കിയെന്ന് അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരമേറ്റ 2016-17 സാമ്പത്തിക വർഷം മുതൽ 2020 ഡിസംബർ 31 വരെ 18640 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനു ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ